**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **05-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാസഹകരണ ബാങ്കിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാസഹകരണ ബാങ്കിൽ നിന്നും 2019 ഡിസംബർ മുതൽ നാളിതുവരെ എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകളിൽ പകരം നിയമനം നടത്തിയിട്ടുണ്ട്; ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ 2019 ഡിസംബർ മുതൽ നാളിതുവരെ വിവിധ തസ്തികകളിൽ നിന്നായി 42 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. റിട്ടയർമെന്റിലൂടെ ഉണ്ടായിട്ടുള്ള ഒഴിവുകൾ എല്ലാം പ്രോമോഷൻ വഴി നികത്തുവാൻ ഉള്ളവയാണ്. ബാങ്ക് ഭരണ സമിതി ഈ കാലയളവിൽ പ്രമോഷനുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പ്രമോഷൻ വഴി നികത്തുവാൻ ഉള്ള ഒഴിവുകൾ നികത്തുന്നത് വഴി മാത്രമേ ബാങ്കിൽ പുതിയ ഒഴിവുകൾ ഉണ്ടാകുകയുള്ളൂ. പ്രമോഷൻ നടത്തിയ ശേഷം ഒഴിവുകൾ ഉണ്ടാകുന്നമുറക്ക് പി.എസ്.സി വഴി നികത്തുവാനുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ശാഖാ മാനേജർ തസ്തികയിൽ പി.എസ്.സി ക്ക് മുൻപ് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവിൽ ഒരാളെയും, പ്യൂൺ തസ്തികയിൽ ആശ്രിത നിയമനം വഴി ഒരാളെയും ഈ കാലയളവിൽ ബാങ്കിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ